## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ :5376

09.04.2013 ൽ മറുപടിക്ക്

## കടിയൊഴിപ്പിക്കപ്പെട്ട സ്ഥലത്തിന് പകരമായി ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി : | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കടിയൊഴിപ്പിക്കപ്പെട്ട സ്ഥലത്തിന് പകരമായി ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കല്ല്യാണിക്കുട്ടിയമ്മ നൽകിയ പരാതിയിൽ കൊല്ലം കളക്ടറേറ്റിൽ നിന്നും സ്വീകരിച്ച തുടർനടപടിക്രമങ്ങൾ (എൽ.1-45191/2011) വിശദമാക്കുമോ. | (എ) സർക്കാർ കൈവശമൊഴിപ്പിച്ചെടുത്ത സ്ഥലത്തിന് പകരമായി കൊട്ടാരക്കര വില്ലേജിൽ മുൻ സർവ്വെ നം. 87/1 ൽ പ്പെട്ട 03 സെന്റ് സർക്കാർ പുറമ്പോക്ക് സ്ഥലം പതിച്ച് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷകയായ കല്ല്യാണിക്കുട്ടിയമ്മ 10.02.1983 -ൽ അപേക്ഷ കൊട്ടാരക്കര തഹസീൽദാർക്ക് സമർപ്പിച്ചിരുന്നു. റോഡിന്റെ വികസനത്തിനും തോടിന്റെ വികസനത്തിനും നീക്കി വച്ചത് കഴിച്ച് 650 ചതുരശ്ര ലിംഗ്സ് സ്ഥലം അപേക്ഷകയുടെ പേരിൽ പതിച്ച് നൽകുന്നതിനു റിക്കാർഡുകൾ തയ്യാറാക്കുകയും ചെയ്തു. എന്നാൽ വിസ്തീർണ്ണം കുറഞ്ഞു പോയി എന്ന കാരണത്താൽ ടി 650 ചതുരശ്ര ലിംഗ്സ് സ്ഥലത്തിന്റെ പതിവ് ഉത്തരവ് കക്ഷി കൈപ്പറ്റിയില്ല. സമയബന്ധിതമായി ഉത്തരവ് കൈപ്പറ്റി തുക ഒടുക്കാത്തതിനെ തുടർന്ന് പ്രസ്തുത പതിവ് ഉത്തരവ് റദ്ദായി പോയിട്ടുള്ളതാണ്.<br>തുടർന്ന് ശ്രീമതി കല്ല്യാണിക്കുട്ടിയമ്മയും ഭർത്താവ് മാധവൻ പിള്ളയും ചേർന്ന് മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ പരാതി ഫയൽ ചെയ്തതിനെ തുടർന്ന് ടി കക്ഷികൾക്ക് |

| | |
|---|---|
| | പതിച്ചു നൽകുന്നതിന് അനുയോജ്യമായ സ്ഥലം കൊട്ടാരക്കര വില്ലേജിലോ സമീപ സ്ഥലത്തിലോ കണ്ടെത്താൻ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം നെടുവത്തൂർ വില്ലേജിൽ ബ്ലോക്ക് നം.9-ൽ സർവെ 316/4-ൽ പ്പെട്ട 01.62 ആർ സ്ഥലം കണ്ടെത്തിയിട്ടുള്ളതും ആയത് അപേക്ഷ നൽകിയ കക്ഷികൾ സ്വീകരിക്കണമെന്നും അഥവാ സ്വീകരിക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണം കൊട്ടാരക്കര തഹസിൽദാർ മുമ്പാകെ ബോധിപ്പിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം സ്വീകരിക്കുന്നതിന് സമ്മതമല്ലെന്ന് ശ്രീ. മാധവൻ പിള്ള നേരിൽ ഹാജരായി മൊഴി നൽകിയിട്ടുള്ളതും വിവരം മനുഷ്യവകാശ കമ്മീഷന് റിപ്പോർട്ടു ചെയ്തിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചു കൊണ്ടുള്ള പരാതി ജില്ലാ കളക്ടർക്ക് മുന്നിൽ എത്തിയത് എന്നാണ്. | (ബി) 01.04.1987 |
| (സി) കല്ല്യാണിക്കുട്ടിയമ്മയിൽ നിന്നും കുടിയൊഴിക്കപ്പെട്ട വസ്തു എന്താവശ്യത്തിനാണ് വിനിയോഗിച്ചത് എന്ന് വെളിപ്പെടുത്തുമോ; | (സി) ശ്രീമതി കല്ല്യാണിക്കുട്ടിയമ്മയും ടിയാളുടെ ഭർത്താവ് ശ്രീ. മാധവൻ പിള്ളയും കൈവശം വച്ചിരുന്ന കൊട്ടാരക്കര വില്ലേജിൽ മുൻ സർവെ 83/1 ൽ പ്പെട്ട സർക്കാർ പുറമ്പോക്ക് സ്ഥലം കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിലേക്ക് ആണ് ഒഴിപ്പിച്ചെടുത്തിരുന്നത്. |
| (ഡി) കുടിയൊഴിക്കപ്പെട്ട സ്ഥലത്തിന് പകരമായി കല്ല്യാണിക്കുട്ടിയമ്മക്ക് ഭൂമി ലഭ്യമാക്കാൻ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുമോ? | (ഡി) കക്ഷി അപേക്ഷിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ